പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 389 | 16.03.2017-ൽ മറുപടിക്ക്.

## ബാലവേല നിർമ്മാർജ്ജന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. നൗഷാദ്<br>,, എ. പ്രദീപ്കുമാർ<br>,, പി.വി. അൻവർ<br>,, പുരുഷൻ കടലുണ്ടി : | ശ്രീ ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) 1986 ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർ മാരായി അസിസ്റ്റന്റ് ലേബർ ആഫീസർ (ഗ്രേഡ്-II) മാരെയും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) മാരേയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് ടി നിയമം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിനോടൊപ്പം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തര വിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാകളക്ടർമാർ ചെയർമാനായും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) മാരെ കൺവീനർമാരായും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടു ണ്ട് കൂടാതെ നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ എല്ലാ ജില്ലകളിലും കളക്ടറെ ചെയർമാനാക്കിയും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) നെ കൺവീനറാക്കിയും വിവിധ വകുപ്പുകളെയും, സന്നദ്ധ സംഘടനകളെയും, സാമൂഹ്യ പ്രവർത്തക രെയും അംഗങ്ങളാക്കിയും ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടു ണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ചൈൽഡ് ലേബർ കം റിഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും സന്നദ്ധ സംഘടനക ളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവത്കരണ ക്ലാസ്സു കൾ എന്നിവ നടത്തി വരുന്നു. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ കൊണ്ടും തൊഴിൽവകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവും മൂലം ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ബാലവേല നിയന്ത്രിക്കുന്നതിനായി ജില്ലാതലത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും | രൂപീകരിച്ചിട്ടുണ്ട്. നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ എല്ലാ ജില്ലകളിലും കളക്ടറെ ചെയർമാനാക്കിയും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്)നെ കൺവീനറാക്കിയും വിവിധ വകുപ്പുകളെയും, സന്നദ്ധ സംഘടനകളെയും, സാമൂഹ്യപ്രവർത്തകരെയും അംഗങ്ങളാക്കിയും ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും അതോടൊപ്പം ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവുംമൂലം പ്രസ്തുത നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു. കൂടാതെ വിവിധ ഇടങ്ങളിൽ ചൈൽഡ് ലേബർ കം റിഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ ഇതുസംബന്ധിച്ച് പരിശോധനകളും അവബോധ പ്രവർത്തനങ്ങളും നടത്തുന്നുണ്ടോ; വിശദമാക്കാമോ; | | |
| (ഡി) | ബാലവേല കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ